श्री चित्रा तिरुनाल आयुर्विज्ञान और प्रौद्योगिकी संस्थान, तिरुवनन्तपुरम – 695 011, केरल, भारत
SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY
THIRUVANANTHAPURAM – 695 011, KERALA, INDIA
(An Institute of National Importance under DST ; Government of India)
(भारत सरकार के अधीन एक राष्ट्रीय महत्व का संस्थान)
www.sctimst.ac.in

# Press Release



## ഡോ. വി.കെ. അജിത് കുമാർ, ഇനി ശ്രീ ചിത്ര ഡയറക്ടർ:

തിരുവനന്തപുരം:

സീനിയർ ഗ്രേഡ് കാർഡിയോളജി പ്രൊഫസറും, ഇന്ററർവെൻഷണൽ കാർഡിയോളജിസ്റ്റും, ഇലക്ട്രോഫിസിയോളജി സ്പെഷ്യലിസ്റ്റുമായ, ഡോ. വി.കെ. അജിത് കുമാറിനെ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി, ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഡോ. വി കെ സരസ്വത്.നിയമിച്ചു.

പ്രൊഫസർ കെ ജയകുമാർ വിരമിച്ച ഒഴിവിലാണ് മേൽ നിയമനം.

AFMC പൂനയിലെ പ്രാഥമിക മെഡിക്കൽ വിദ്യാഭ്യാസത്തിനു ശേഷം, PGIMER-പഞ്ചാബിൽ നിന്നും, GB പന്ത് -ഡൽഹിയിൽ നിന്നും, ഉന്നത മെഡിക്കൽ വിദ്യാഭ്യാസം പൂത്തിയാക്കി, തുടർന്ന് ഓസ്ട്രേലിയയിൽ നിന്ന് ഇലക്ട്രോ ഫിസിയോളജിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ഫെൽലോഷിപ്പും ലഭിച്ചു.

യുഎഇ, കുവൈറ്റ്, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ ഇന്റർവെൻഷണൽ കാർഡിയോളജി വിഭാഗങ്ങളുടെ കൺസൾട്ടന്റും, മേധാവിയായും പ്രവർത്തിച്ചു.

1989 ൽ ശ്രീ ചിത്ര തിരുനാൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി പ്രവേശിച്ച ശേഷം, തുടർന്ന് ഇലക്ട്രോഫിസിയോളജി കാത്ത് ലാബും ഇന്റർവെൻഷണൽ കാർഡിയോളജി പ്രക്രിയകളും ആരംഭിക്കുന്നതിൽ നേതൃത്വം കൊടുത്തു..

ഭാരതത്തിൽ ഇലക്ട്രോഫിസിയോളജി ഫെലോഷിപ്പ് കോഴ്സ് ആരംഭികുവാൻ നേതൃത്വം നൽകിയ പ്രൊഫസർ അജിത് കുമാർ, രാജ്യത്തെ “റേഡിയോ ഫ്രീക്വൻസി അബ്ലേഷൻ’ ' പ്രക്രിയകൾ ചെയ്യുന്ന സ്പെഷ്യലിസ്റ്റുകളിൽ മുൻനിരയിലൊരാളാണ് . 2016 മുതൽ 2019 വരെ ശ്രീ ചിത്രയിലെ ‘കാർഡിയോളജി വിഭാഗം മേധാവിയായിരുന്നു’ . തുടർന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡീനായും സേവനമനുഷ്ഠിച്ചു.

‘സൊസൈറ്റി ഫോർ കൊറോണറി ഇമേജിംഗ് ആൻഡ് ഫിസിയോളജി’ ദേശീയ പ്രെസിഡന്റായും, സൊസൈറ്റി ഫോർ ഹാർട്ട് ഫെൽയൂര് & ട്രാൻസ്പ്ലാൻറ് വൈസ് പ്രെസിഡന്റായും ‘കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ചാപ്റ്റർ’ , ‘കേരള ഹാർട്ട് റിഥം സൊസൈറ്റി’ എന്നിവയുടെ മുൻ പ്രെസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട് . ശ്രീ ചിത്രയിലെ തന്നെ സുപ്രധാന കമ്മിറ്റികളായ അക്കാഡമിക് കമ്മേറ്റി, ഗവൺമെന്റ് ബോഡി, ടെക്നോളജി ട്രാൻസ്ഫർ കമ്മിറ്റി, ടെക്നോളജി റിസർച്ച് കൗൺസിൽ, ചെയർ, കാർഡിയാക് സയൻസ് കമ്മിറ്റി എന്നിവയിലും അംഗമായി സേവനമനുഷ്ഠിച്ചു. നിലവിൽ ഭാരത സർക്കാർ മെറ്റീരിയ-വിജിലൻസ് കമ്മിറ്റി അംഗമാണ്. ജന്മസ്ഥലം തൃശൂർ ജില്ലയിലെ കഞ്ജനിയിലാണ്. ഡോക്ടർ വലപ്പറമ്പിൽ കുമാരൻ പിതാവാണ്. ശ്രീമതി ജയശ്രീ പി എസ് ഭാര്യയും, ഡോക്ടർമാരായ കാർത്തികയും, സാരികയും മക്കളുമാണ്.